പഞ്ചായത്ത് ഗ്രാൻറ്.

✱ 625 [25] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പഞ്ചായത്താക്ട്പ്രകാരം രജിസ്റ്റർ ചെയ്ത കൊല്ലം ഗ്രാൻറ് കൊടുത്തിട്ടുണ്ടോ ;

(ബി) ചില പഞ്ചായത്തുകൾക്ക് ഗ്രാൻറ് കൊടുക്കാതിരിക്കുന്നതിനുള്ള കാരണമെന്താണ് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) : (എ) പഞ്ചായത്താക്ട് 55 – (1) (2) എന്നീ വകുപ്പുകൾ പ്രകാരമുള്ള കോൺടിബ്യൂഷൻ കൊടുത്തിട്ടുണ്ട്.

(ബി) മുൻകൊല്ലത്തിൽ 132 പഞ്ചായത്തുകൾക്ക് പിരിവുകൾ യാതൊന്നും ഇല്ലാതിരുന്നതിനാൽ പഞ്ചായത്ത് ആക്ട് 55 (1) (2) എന്നീ വകുപ്പനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി കാൺടിബ്യൂഷൻ ആ പഞ്ചായത്തുകൾക്ക് നൽകിയിട്ടില്ല.

ശ്രീ. പി. ഗോപാലൻ : സ്പെഷ്യൽ ഗ്രാൻറിനത്തിൽ ഓരോ പഞ്ചായത്തിനും എത്ര തുക കൊടുത്തിട്ടുണ്ട് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആയിരം രൂപ വീതം കൊടുത്തിട്ടുണ്ട് സ്പെഷ്യൽ ഗ്രാൻറ് കൊടുക്കുന്നതു ഒരേ മാതിരിയാണ്.

ശ്രീ. സി. എ. മാത്യു : സാമ്പത്തികക്കഴിവു കുറവുള്ള പഞ്ചായത്തുകൾക്ക് പ്രത്യേക പരിഗണന കൊടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതാതു പഞ്ചായത്തുകളുടെ പിരിവനുസരിച്ചാണ് ഗ്രാൻറ് കൊടുക്കുന്നതു്.

ശ്രീ. സി. എ. മാത്യു : വലിപ്പംകൂടിയ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഈ നയത്തിനു ഒരു വ്യത്യാസം വരുത്താൻ ഗവണ്മെൻറ് തയാറാകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലാ പഞ്ചായത്തുകളെയും ഗവണ്മെൻറ് എപ്പോഴും ഒരുപോലെയാണു പരിഗണിക്കുന്നതു്. പ്രത്യേക പരിഗണനയൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. സി. എ. മാത്യു : കൂടുതൽ തുക സ്പെഷ്യൽ ഗ്രാൻറായി നൽകേണ്ടതാണെന്നു ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില പഞ്ചായത്തുകൾ കൂടുതൽ വലിപ്പമുള്ളവയാണെങ്കിൽ കൂടുതൽ വീട്നികുതിയും മറ്റും കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly